# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.882 12.12.2012-ൽ മറുപടിയ്ക്ക്

## ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിട്ടേഷൻ പ്രോജക്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |

(എ) കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ ഇന്റ ഗ്രേറ്റഡ് വാട്ടർ ആന്റ് സാനിട്ടേഷൻ പ്രോജക്ട് ഫോർ കുട്ടനാടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(എ) കേരള ജല അതോറിറ്റി തയ്യാറാക്കിയ ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിറ്റേഷൻ പ്രോജക്റ്റ് ഫോർ കുട്ടനാട് പദ്ധതി 17-12-2008-ൽ ഡൽഹിയിൽ വച്ച നടന്ന ഗവൺമെന്റ് ഓഫ് ജപ്പാൻ മിഷന്റെ വാർഷിക കൺസൾട്ടേഷൻ മീറ്റിങ്ങിൽ അവതരിപ്പിക്കുകയും തുടർന്ന് 22-12-2008-ൽ പദ്ധതിയുടെ പ്രാഥമിക എൻജിനിയറിംഗ് റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിക്കുക യുമുണ്ടായി.

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ പുതുക്കിയ 'കൺസെപ്റ്റ് നോട്ട് 14-9-2010-ൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ നിർ ദ്ദേശിച്ചതനുസരിച്ച് പദ്ധതി സംബന്ധിച്ച വിവരങ്ങൾ 1-12-2010-ൽ നൽകി. തുടർന്ന് പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാർ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടി ഉൾ പ്പെടുത്തിക്കൊണ്ട് പുതുക്കിയ കൺ സെപ്റ്റ് നോട്ട് 23-9-2011-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

പദ്ധതിക്ക് അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് പദ്ധതി പുതുക്കിയ നിരക്കനുസരിച്ച് പരിഷ്കരിക്കുകയുണ്ടായി. ഇതനുസരിച്ച് 480 കോടി രൂപയുടെ പദ്ധതി 1-12-2011-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു.

പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാർ ചില

വിശദീകരണം ആരായുകയും 23-2-2012-ൽ ഇതുസംബന്ധിച്ച് മറുപടി നൽകുകയുമുണ്ടായി. കേന്ദ്ര സർക്കാരിന്റെ നിർ ദ്ദേശമനുസരിച്ച് 480 കോടി രൂപയുടെ പദ്ധതിയിൽനിന്നും മഴവെള്ള സംഭരണം, മാലിന്യ നിർമ്മാർജനം എന്നീ ഘടകങ്ങൾ ഒഴിവാക്കി 178 കോടി രൂപ അടങ്കൽ തുകയുള്ള പരിഷ്കരിച്ച പദ്ധതി റിപ്പോർട്ട് 6-5-2012-ൽ സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതിയിൽ മഴവെള്ള സംഭരണം കൂടി ഉൾ പ്പെടുത്തണമെന്ന നിർ ദ്ദേശത്തെ തുടർന്ന് പദ്ധതി വീണ്ടും പരിഷ്കരിക്കുകയും ഇതനുസരിച്ച് 280 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി. എന്നാൽ പദ്ധതിക്ക് വിദേശസഹായം ലഭ്യമാകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് പദ്ധതി കുടിവെള്ള വിതരണത്തിനു മാത്രമായി പരിമിതപ്പെടുത്തുകയും നേരത്തെ സമർപ്പിച്ച 178 കോടി രൂപയുടെ പദ്ധതി അധിക കേന്ദ്രസഹായമായി നൽകുകയോ അല്ലെങ്കിൽ കുടിവെള്ള വിതരണത്തിനും മഴവെള്ള സംഭരണത്തിനുമായി സമർപ്പിച്ച 280 കോടി രൂപയുടെ പദ്ധതിക്ക് ലോകബാങ്ക് സഹായം ലഭ്യമാക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 29-6-2012 -ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതിക്ക് ഇതുവരെയും അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രാജക്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി) 'ഇന്റഗ്രേറ്റഡ് വാട്ടർ ആന്റ് സാനിട്ടേഷൻ പ്രോജക്ട് ഫോർ കുട്ടനാട് പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ